# THE FLAME

LK DIGITAL MAGAZINE



ST THOMAS HSS MALAYATTOOR

PRESENTED BY LITTLE KITES 2023-2024


ST THOMAS HSS MALAYATTOOR
Ernakulam kerala
PH: 2469199
Email: stthomashssmltr@gmail.com


St.Thomas H S S
Malayattoor
little
KITEs

# ഉള്ളടക്കം

1. സന്ദേശം - മേരി ഉറുമീസ്
(ഹെഡ് മിസ്ട്രസ്)
2. ആശംസ -ഷിജു ആന്റണി
(കൈറ്റ് മാസ്റ്റർ)
3. ആശംസ -ടിപ്സി റാണി
(കൈറ്റ് മിസ്ട്രസ്)
4. ആശംസ -ലിസി എം.പി
(സീനിയർ അസിസ്റ്റന്റ്)
5. കവിത - (സർവ്വം സഹയായ ഭൂമി)
-അനാമിക കുമാരൻ VIII B

6. ചിത്രരചന - അക്ഷയ് ബെന്നി V A

7. കവിത - (My best friends)
-ശ്രേയ സനോജ് VI C

8. ചിത്രരചന - ജോപോൾ സാജു VI A

9. കഥ - (ജോൺ) അനാമിക മരിയ VI A

10. ചിത്രരചന - ഗോഡ്വിൻ ആന്റണി VI B

11. കവിത - (എന്റെ അമ്മക്ക് ഒരു കവിത)

അലോമിക ബിജു VIII D

12. ചിത്രരചന - ജോപോൾ സാജു VI A

13. കഥ - (Unconditional Love)

ആൻസ്റ്റീന ടോമി IX D

14. ചിത്രരചന - അക്ഷയ് ജോയി VI A

15. കഥ - (തെറ്റായ പാത)

യദുനന്ദന പി.എൽ VII A

16. ചിത്രരചന - അക്ലെൻ ടി.പി VI A

17. കവിത - (ഭീകരനായ കൊറോണ)

അമൃത പി.എസ് VIII D

18. കഥ - (പാവപ്പെട്ട കുട്ടിയുടെ വിജയങ്ങൾ)

അനീന അനിൽ VI A

19. ചിത്രരചന - ഗിരിദർ കെ നായർ V A

20. കഥ - (രാക്ഷസന്റെ ഭയാനകമായ കൊട്ടാരം)

ഷിബി VI B

21. ചിത്രരചന - അൻജിത സുരേഷ് VII A

22. പ്രഭാഷണം - ഞാൻ പിറന്ന മണ്ണ്
ജെറിൻ VI A

23. കവിത - NECTAR OF HOPE
അന്ന ജോയ് IX B

24. കഥ - റാണി പൂക്കൾ
അലൻ VI A

25. ചിത്രരചന

26. സ്കൂൾ പ്രവർത്തനങ്ങൾ(ചിത്രങ്ങൾ)

# സന്ദേശം



പ്രിയ ലിറ്റിൽ  കൈറ്റ്സ്,

ആദ്യമേ സംഘടനാഗംങ്ങൾക്കും മാർഗദീപമായി മാറിയ നമ്മുടെ പ്രിയ അധ്യാപകർ,ഷിജു സാറിനും , ടിപ്സി ടീച്ചർക്കും അഭിനന്ദനങ്ങൾ.ഈ കാലഘട്ടത്തിന്റെ പുതുയുഗപുലരി വിവരസാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിലൂടെയാണ്. ഏറെ പ്രതീക്ഷകളോടെ വളർന്നുകൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് സംഘടനയിൽ അംഗങ്ങളാകാൻ കഴിഞ്ഞത് നിങ്ങൾക്ക് വലിയ ഭാഗ്യമാണ്.അതിൽ നിന്നും കിട്ടുന്ന ഓരോ അനുഭവവും നിങ്ങൾക്ക് വലിയ മുതൽക്കൂട്ടായിരിക്കും.ഈ അനുഭവസമ്പത്ത് വച്ച് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ തയ്യാറാക്കിയിരിക്കുന്ന **"E-MAGAZINE"**, **"THE FLAME"** നിങ്ങളുടെ തുടർപ്രവർത്തനങ്ങളിൽ സ്മൃതിപദങ്ങളിൽ ഊർജ്ജം നൽകട്ടെ.വരുംകാലങ്ങളിലും വിജയ സോപാനങ്ങൾ ചവിട്ടികയറാനും,വിശ്വപൗരന്മാരായി വിടർന്നു വിലസാനും നിങ്ങൾക്ക് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.എല്ലാവിധ

ആശംസകളും നേരുന്നു...

**മേരി ഉറുമീസ്**
**ഹെഡ് മിസ്ട്രസ്**



# *Wishes......*

School magazines have a great educational and creative value. They encourage the students to think and write creatively. I am so happy that the members of Little Kites IT club of our school is publishing a digital magazine named **“THE FLAME”.** This magazine aims at recording the literary talents,achievements and various activities of our institution. I Express my happiness and best wishes for the entire endeavour.......

*Shiju Antony [HST English]*

*Kite Master*

# ആശംസ



2023-24 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന "THE FLAME" എന്ന ഡിജിറ്റൽ മാഗസീൻ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാവും.ഈ കാലഘട്ടത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ പ്രിയ കുഞ്ഞുങ്ങൾക്കും അഭിനന്ദനങ്ങൾ....

ആശംസകൾ....

ടിപ്പി റാണി

കൈറ്റ്സ് മിസ്ട്രസ്സ്

# ആശംസ



ആകാശത്തിലെ പക്ഷികളെ പോലെ
പറന്നുയരാൻ,ആഴക്കടലിലെ
മത്സ്യങ്ങളെപോലെ
നീന്തിതുടിക്കാൻ,നമ്മുടെ കഴിവുകളുടെ
അനന്തസാധ്യതകളിലേക്കു
പറന്നുയരാൻ,പ്രകൃതിയുടെ....ശാസ്ത്രത്തിന്റെ
ചുരുളഴിയാൻ.... അതിനായി എന്നിലെ
കഴിവുകളെ കണ്ടെത്താൻ.... ലിറ്റിൽ
കൈറ്റസിലെ മക്കൾ നടത്തുന്ന ഈ വലിയ
സംരഭത്തിന് എല്ലാവിധ ആശംസകളും
നേരുന്നു....

സ്നേഹത്തോടെ,

**ലിസി ടീച്ചർ**

**സീനിയർ അസിസ്റ്റന്റ്**

# സർവ്വം സഹയായ ഭൂമി

സർവ്വം സഹയായ ഭൂമി
പെറ്റമ്മയെപ്പൊലെ സ്വമാറിടത്തിൽ
അഭയം തരുന്നൊരി ഭൂമി
ആകാശപ്രണയിനിയാം ഭൂമി

നന്മയില്ലാത്തൊരീ ഭൂമിയിത്
നാളേറെയായ് കിടക്കും ഭൂമി
നട്ടാൽമുളക്കില്ല നീരുകളോടില്ല
നിത്യം കിടക്കുമി തരിശ്ശു ഭൂമി

പുൽനാമ്പുകൾ മുളപൊട്ടാത്തത്
ഭൂമി മച്ചിയായിട്ടാണെന്നകുറ്റപ്പെടുത്തൽ
തണലാകേണ്ട മക്കളെ
പിഴിതു മാറ്റുന്നതും ഭൂമി

ആകാശമൊന്നു വിങ്ങിയപ്പോൾ
ആശാപാഗ്നിയിൽ മനുഷ്യ-
പിശാചുകൾ വെന്തുവത്രേ
മതിലുകൾ കെട്ടി കല്ലുകൾ പാകി
അകറ്റിനിർത്താൻ ശ്രമിച്ചിട്ടും
ആകാശമിപ്പോഴും ഭൂമിയെ
പ്രണയിക്കുന്നു
ആകാശമിപ്പോഴും പ്രണയിക്കുന്നു

ANAMIKA KUMARAN
VIII B




Akshay Benny
V A

# My Best Friend

I was walking around my house.
I saw my friends
Loneliness and silence in darkness.
Something is there.
But, there was my dear friends,
loneliness and silence in darkness.
I didn't saw owls, bats, tress, plants
but, i love loneliness, and silence in
darkness.
I don't like violence and nuisance.
I saw my very best friends.
I was stressed in violence and nuisance.
Darkness, loneliness, and silence.
I got strength and calmness.
I love darkness.

***Freya Sanoj***
***VI C***



**Jopual saju**
**VI A**

# ജോൺ

പണ്ട് പണ്ട് ഒരു ദ്വീപിൽ കുറെ ആളുകൾ താമസിച്ചിരുന്നു. ആ ആളുകളിൽ ഒരാളായിരുന്നു നമ്മുടെ ഹീറോ. ഒരു ദിവസം രാത്രി ഹീറോ കിടന്നുറങ്ങുകയായിരുന്നു. അപ്പോൾ ആരോ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടു. നമ്മുടെ ഹീറോ എഴുന്നേറ്റ് വാതിൽ തുറന്നു നോക്കി ആരേയും കണ്ടില്ല. ഹീറോ വിചാരിച്ചു തോന്നിയാതാണെന്ന് വീണ്ടും വാതിലിൽ മുട്ടി ഹീറോയ്ക്ക് എന്തോ ഒരു സംശയം തോന്നി.ഹീറോയ്ക്ക് ഉറക്കക്ഷീണം ഉണ്ടായിരുന്നു അതിനാൽ വേഗം കിടന്നുറങ്ങി പിറ്റേ ദിവസം ഹീറോ സ്റ്റോർ റൂമിൽ പോയി നോക്കി. അവിടെ ആകെ ഇരുട്ടായിരുന്നു. ഹീറോ നടന്നപ്പോൾ കാലിൽ എന്തോ തട്ടി .ഹീറോ അതെടുത്തു. അതൊരു ബുക്കായിരുന്നു. ഹീറോ ആ ബുക്ക് തുറന്നപ്പോൾ അതിൽ എഴുതിയത് ഹീറോയുടെ മുത്തശ്ശനായിരുന്നു. ഹീറോ അത് വായിച്ചു നോക്കി .അതിനകത്ത് എഴുതിയിരിക്കുന്നത് ഒരു മന്ത്രവാദിയേ പറ്റിയായിരുന്നു. ഹീറോയ്ക്ക് വളരെ അധികം  ഭയമായി എന്തുകൊണ്ടെന്നാൽ അതിനകത്ത് എഴുതിയിരിക്കുന്നത്

നമ്മുടെ ഹീറോയുടെ പുറകിൽ ഏതോ ഒരു ആത്മാവ് ഉണ്ടെന്നാണ്.ഹീറോയുടെ വീട്ടിൽ അവൻ മാത്രമേ ഉണ്ടായിരുന്നൊള്ളു .ഒരു ദിവസം രാത്രി ഹീറോ അതിനെ പറ്റി ആലോച്ചിച് നടക്കുകയായിരുന്നു. അപ്പോൾ ഹീറോയ്ക്ക് പുറകെ ആരോ വരുന്നതായി തോന്നി .ഹീറോ തിരിഞ്ഞു നോക്കി പക്ഷേ അവിടെ ആരും ഉണ്ടായിരുന്നില്ല. ഹീറോ ഭയങ്കരമായി പേടിച്ചു . ഹീറോയുടെ കഴുത്തിലാരോ പിടിച്ചു. ഹീറോ അലറി വിളിച്ചു. ജനങ്ങളെല്ലാവരും ഓടി വന്നു. ഹീറോയെ ആശുപത്രിയിലേക്കു കൊണ്ടുപ്പോയി ആ സമയത്ത് ഹീറോയുടെ ബോധം പൂർണമായി പോയി. പിറ്റേ ദിവസം രാവിലെ കണ്ണ് തുറന്നപ്പോൾ ഹീറോ ആശുപത്രിയിലായിരുന്നു. ആ ദിവസം തന്നെ ഹീറോ ഡിസ്ചാർജായി വീട്ടിൽ വന്നു .ഹീറോയ്ക്ക് ആ കാര്യങ്ങളെല്ലാം മനസ്സിൽ നിന്നു പോകുന്നുണ്ടായിരുന്നില്ല .ഹീറോ ചാടി എഴുന്നേറ്റ് അവന്റെ മുത്തശ്ശിയുടെ വീട്ടിൽ എത്തിയപ്പോൾ നമ്മുടെ ഹീറോ മുത്തശ്ശിയോട് ചോദിച്ചു .മുത്തശ്ശന് ഏതെങ്കിലും മന്ത്രവാദിയുമായി ബന്ധം ഉണ്ടോ എന്ന് മുത്തശ്ശി എല്ലാം പറഞ്ഞു കൊടുത്തു . ഹീറോയുടെ ഭയ്യം കൂടി ഹീറോ തിരിച്ചു വീട്ടൽ ചെന്നപ്പോൾ രാത്രിയായിരുന്നു.

ഹീറോകിടന്നു കുറച്ചു നേരം കഴിഞ്ഞപ്പോൾ നിശ്ശബ്ദത. ഹീറോ പതുക്കെ എഴുന്നേറ്റ് നടന്നു പെട്ടെന്ന് മുന്നിൽ ഒരു മന്ത്രവാദിയുടെ പ്രേതം ഹീറോയുടെ മുന്നിൽ വന്നു .ഹീറോയെ ആക്രമിക്കാൻ തുടങ്ങി മുത്തശ്ശി തന്ന വെള്ളം തളിച്ചു. മന്ത്രവാദിയുടെ ആത്മാവ് പോയി ഹീറോ ബോധം കെട്ടു വീണു.പിറ്റേ ദിവസം ഹീറോ കണ്ണുകൾ തുറന്നു.ഹീറോ ആത്മാവിനെ തുരത്താനയി നല്ല മന്ത്രവാദിയുടെ അടുക്കൽ ചെന്നു. അവരുടെ അടുത്ത് എല്ലാ കാര്യങ്ങളും പറഞ്ഞു.മന്ത്രവാദി പറഞ്ഞ പ്രകാരം ആത്മാവിനെ കൊണ്ടു വരാനായി പോയി. പെട്ടെന്നു ഹീറോയെ പേടിപ്പിച്ചു ആത്മാവ് വന്നു. മന്ത്രവാദി തന്ന കുപ്പിയും ഭസ്മവും ഉപയോഗിച്ച് ആത്മാവിനെ പിടിച്ചു.നല്ല മന്ത്രവാദിയുടെ അടുക്കൽ കൊണ്ടു വന്നു മന്ത്രങ്ങൾ ചൊല്ലി ആത്മാവിനെ തുരത്തി. നമ്മുടെ ഹീറോയുടെ പേരെന്താണെന്നു അറിയണ്ടേ ജോൺ

Anamika Mariya
VI A


CRISTIANOOO!
Godwin Antony
VI B
RONALDO
7
cygames
adidas

# എന്റെ അമ്മയ്ക്ക് ഒരു കവിത

എന്നെ ഉറക്കുവാൻ അമ്മ പാടീയ കണ്ണുനീർ പാട്ട്
ഞാൻ കടമെടുക്കുന്നു അമ്മേ
എന്നെ ഉറക്കുവാൻ അമ്മ പാടീയ കണ്ണുനീർ പാട്ട്
ഞാൻ കടമെടുക്കുന്നു അമ്മേ
ഇന്നു ഞാൻ താരാട്ടു പാടാം എൻ അമ്മയ്ക്ക്
ഇന്നു ഞാൻ താരാട്ടു പാടാം
ഇന്നു ഞാൻ താരാട്ടു പാടാം എൻ അമ്മയ്ക്ക്
ഇന്നു ഞാൻ താരാട്ടു പാടാം
ഉറങ്ങുക അമ്മേ ഇനി മുക്തയായ്
അമ്മ എന്ന വാക്കിൽ നിന്നു മിന്നി
തെളിഞ്ഞൊരെൻ വാമയ കടം
കിട്ടാ കടത്തിൽ  കണക്കു സൂക്ഷിക്കാതെ
സൽകരിച്ചെൻ  അമ്മേ അന്ത്യ ദിനം വരെ
ഒന്നും പകരം തരാൻ കഴിഞ്ഞില്ല
എൻ പൊൻ അമ്മയ്ക്ക് പാടി നടന്നു ഞാൻ
സഞ്ചാരിയായി
എൻ അമ്മ എനിക്ക്  പാടിപ്പാട്ടുകൾ ഇനി ഞാൻ

അമ്മയ്ക്ക് തിരികെ തരുന്ന
ഇനി ഞാൻ പാടുന്ന പാട്ടുകൾ അമ്മയ്ക്ക് അല്ലേ
ഞാൻ ഉറങ്ങിയപ്പോൾ അമ്മ എനിക്ക് പാടിത്തന്ന
പാട്ടുകൾക്ക് എന്തു ഭംഗി
ഇനി ഞാൻ അമ്മയ്ക്ക് ഇതുപ്പോലെ പാട്ടുകൾ
പാടിതരാം അമ്മേ
ഞാൻ പാടുന്ന പാട്ടുകൾ ഇനി അമ്മ കേൾക്കണേ
ഞാൻ പാടുന്ന പാട്ടുകൾ ഇനി അമ്മ കേൾക്കണേ
എത്ര എടുത്താലും ഒട്ടും കുറയാത്ത സ്വത്ത്
ഒന്നു മാത്രം അത് അമ്മയാണ്
എത്ര എടുത്താലും ഒട്ടും കുറയാത്ത സ്വത്ത്
ഒന്നു മാത്രം അത് അമ്മയാണ്

**ALOMIKA BIJU**
**VIII D**



Jopaul saju
VI A

# UNCONDITIONAL LOVE

Lilly was lying on her bed. She couldn't sleep as her thoughts and excitement were attacking her. Tomorrow was the day she was awaiting. It was her wedding tomorrow. She got up and went to her mother's room laid down beside her. She hugged her mother and said 'I Love You Mom'.

Lilly, Her mother was her best friend. Her father died when she was only two years old. From then her mother worked very hard to bring her up. She was very close with her mother.

From a young age Lilly was very fond of children. So she became a teacher. She had a colleague named David in her school. David loved Lilly very much. Lilly liked him too. One day David proposed her. With her mother's blessing Lilly and David got married.


But even after 5 years Lilly didn't get pregnant. Lilly and David were devastated when the doctor said that it was not possible for Lilly to carry a baby as she had a thin utres. Lilly prayed to God for a baby. Every day with tears. Lilly's mother was also sad seeing daughter suffering.

Along with Lilly and David, Lilly's mother looked ways for Lilly to have a child and found out that Lilly can have a child via 'surrogacy'.

So together they searched for surrogate mother and couldn't find one. Lilly was very depressed as she hoped she can have a baby through surrogacy. Lilly's mother was not ready to a give up after bringing a ray of hope in her daughter's life.

So, Lilly's mother asked the doctor whether she can be a surrogate mother. But Lilly didn't agree with the plan as the doctor said that it was a fifty-fifty chance as it can risk her mother's life. But Lilly's mother said, Dear I am living for your happiness. Your happiness is having a baby. I am very glad to do this. Even if i can't make it after the operation, I will die happily". So Lilly's mother became the surrogate mother for her daughter. After nine month's came the due date.
Lilly prayed to the God for her mother and her mother and her child awaited outside the operation theatre nervously along with David. After seven hours a baby's cry rang in the hospital corridor. Lilly went in to the operation theatre to see her mother. Her child was a healthy baby girl. Along with the joy she was heart broken, when she saw her mother lying still without a movement. Her mother gave her own life for her own daughter. Lilly saw her mother in her own daughter. And the unconditional LOVE of a mother continues..........

Ansteena Tomy
IX D



**<u>Akshay Joy</u>**
**VI A**

# തെറ്റായ പാത


അഞ്ജു,ചിഞ്ചു ഇവർ വലിയ ബിസ്സിനസ്സ് മാൻ ആയ ജഗദീശ്വരന്റെ മക്കൾ ആയിരുന്നു.അഞ്ജു വളരെ അഹങ്കാരിയായിരുന്നു.സദാ സമയവും അനാവശ്യമായി പണം ചിലവാക്കൽ ആയിരുന്നു അവളുടെ ഹോബി.എന്നാൽ ചിഞ്ചു ആകട്ടെ അനാവശ്യമായി പണം ചിലവാക്കുകയൊന്നുമില്ല.പാവപ്പെട്ടവരെ സ്നേഹിക്കാനും അവരെ സഹായിക്കാനും ചിഞ്ചുവിന് വളരെ ഇഷ്ടമാണ്.എന്നാൽ അഞ്ജു ആകട്ടെ ആക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യും.പാവപ്പെട്ട ജനങ്ങളോട് അഞ്ജുവിന് പുച്ഛമാണ്.അഞ്ജുവും ചിഞ്ചുവും സഹോദരങ്ങളാണെങ്കിൽ പോലും രണ്ടു പേരുടെയും സ്വഭാവം വേറെ വേറെയാണ് .അഞ്ജുവും സദാസമയവും കൂട്ടുകാരോടൊപ്പം ആണ്.അഞ്ജുവിന്റെ കൂട്ടുകാരാകട്ടെ ലഹരിക്ക് അടിമകളും.ഈകാര്യം അവൾക്ക് അറിയില്ലായിരുന്നു .ഒരു ദിവസം അഞ്ജു അവളുടെ കൂട്ടുകാർ താമസിക്കുന്ന സ്ഥലത്തേക്ക് പോയി അവൾ അവിടെ ചെന്നപ്പോൾ വീടിനുള്ളിൽ ആരെയും കണ്ടില്ല.അവൾ തിരികെ പോകാൻ നേരം വീടിലെ മുകളിലത്തെ നിലയിൽ നിന്നും ബഹളം കേട്ടു അപ്പോൾ അവൾക്ക് മനസ്സിലായി അവർ അവിടെതന്നെയുണ്ടെന്ന്. അവൾ മുകളിലത്തെ മുറിയിൽ ചെന്ന് കതക് തുറന്നു.അവൾ അവിടെ കണ്ട കാഴ്ച അവളെ അദ്ഭുതപ്പെടുത്തി.അവളുടെ കൂട്ടുകാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതാണ് അവിടെ കണ്ടത്.

അവർ ചെയ്യുന്ന പ്രവൃത്തികൾ മനസ്സിലാക്കിയവളുടെ കൂട്ടുകാർ  തങ്ങൾ പിടിക്കപ്പെടാതിരിക്കാൻ അവളെയും ലഹരിയ്ക്ക് അടിമയാക്കി.ഒന്ന് രുചിച്ചു നോക്കാം പിന്നെ ഉപയോഗിക്കില്ല എന്ന് മനസ്സിൽ ശപഥം ചെയ്തുകൊണ്ടാണ് അവൾഅതുപയോഗിച്ചത്.എന്നാൽ പതിയെ പതിയെ അവളും ലഹരിയ്ക്ക് അടിമയായി .ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കാൻ പറ്റാത്ത സ്ഥിതിയായി.അവളുടെ വീട്ടുകാർ ഇതൊന്നും അറിഞ്ഞതും ഇല്ല.സ്വന്തം മകളെ വിശ്വാസമായിരുന്ന അവളുടെ അച്ഛൻ എന്ത് ആവശ്യത്തിനെന്ന് തിരക്കാതെ പണം കൊടുത്തു കൊണ്ടിരുന്നു.ഒരു ദിവസം അഞ്ചു മുറയിൽ ഇരുന്നു ലഹരി പദാർത്ഥം ഉപയോഗിക്കുകയായിരുന്നു.അവളെ ഭക്ഷണം കഴിക്കാൻ വിളിക്കാൻ വന്ന ചിഞ്ചു കണ്ട കാഴ്ച അവളെ അമ്പരപ്പെടുത്തി.ചിഞ്ചു വേഗം അച്ഛനെ വിളിച്ചു വരുത്തി.അച്ഛൻ അഞ്ചുവിനെ ഒരുപാട് ശകാരിച്ചു അച്ഛൻ വളരെ വിഷമത്തോടെ പറഞ്ഞു"എന്റെ രണ്ടു മക്കളിൽ ഞാൻ കൂടുതൽ സ്നേഹിച്ചതും ലാളിച്ചതും നിന്നെയാണ് .നീ ചോദിക്കുമ്പോൾ ഞാൻ നിനക്ക് ആവശ്യതിതിന് പണം നൽകി പക്ഷേ ഞാൻ എന്തിനാണ് ഈപണം എന്ന് ഒരു വട്ടം പോലും ചോദിച്ചിട്ടില്ല അതിന്റെ കാരണം എനിക്ക് നിന്നെ അത്രയ്ക്ക് വിശ്വാസമായിരുന്നു.നീ എന്ന് നന്നാവുന്നോ അന്നാണ്  ഞാൻ നിന്നോട് മിണ്ടുകയുള്ളൂ. അതുവരെ എനിക്ക് ഒറ്റമകളെയുള്ളൂ അത് ചിഞ്ചുവാണ്.നീ എന്റെ മകൾ അല്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ഈ വീട്ടിൽ നിന്നും ഇറക്കി വിട്ടേനേ"എന്നും പറഞ്ഞ് അച്ഛൻ ദേഷ്യത്തോടെയും സങ്കടത്തോടെയും

ആ മുറിയിൽ നിന്നും ഇറങ്ങിപ്പോയി.നീ എന്റെ ചേച്ചിയാണെന്ന്  പറയാൻ എനിക്ക് നാണക്കേടാണ്. എന്ന് പറഞ്ഞ് ചിഞ്ചുവും ആ മുറി വിട്ടു പോയി .ഇവർക്ക് അമ്മയില്ലായിരുന്നു.ചിഞ്ചുവിന് ആറു വയസ്സുള്ളപ്പോഴാണ് അവരുടെ അമ്മ മരിച്ചത് .അച്ഛൻ റൂമിൽ പോയി അമ്മയുടെ ഫോട്ടോയുടെ മുന്നിൽ നിന്ന് അയാളുടെ വിഷമങ്ങൾപറയുകയായിരുന്നു .ഈ സമയം അഞ്ചുവിന് അച്ഛൻ പറഞ്ഞ വാക്കുകൾ ഉള്ളിൽ തട്ടി തന്നെ തന്നെ കണ്ണാടിയിൽ നോക്കി കരഞ്ഞു കൊണ്ട് പറഞ്ഞു"ഞാൻ ഒരു വൃത്തികെട്ടവളും  അഹങ്കാരിയുമാണ്എന്റെ ജീവിതത്തിന് ഇനി എന്തർത്ഥമാണ് ഉള്ളത് എനിക്ക് ഇനി ഈ ജീവിതം വേണ്ട ” എന്ന് പറഞ്ഞവൾ റൂമിലിരുന്ന ഫ്രൂട്ട്സ് അരിയാൻ വെച്ച കത്തിക്കൊണ്ട്  കൈയിലെ ഞരമ്പ് മുറിച്ച് ആത്മഹത്യ ചെയ്തു.
രാവിലെ അവളെ ഭക്ഷണം കഴിക്കാൻ വിളിക്കാൻ വന്ന ജോലിക്കാരിയാണ് അവളുടെ ശരീരം ആദ്യം കണ്ടത്.അവർ ഉച്ചത്തിൽ നിലവിളിച്ചു.നിലവിളി കേട്ട് ഓടിയെത്തിയ അച്ഛനും ചിഞ്ചുവും തളർന്നു പോയി.........

ലഹരി നമ്മുക്ക് യാതൊരു
സുഖ സൗകര്യങ്ങളും നൽകുന്നില്ല.

<u>**Yadhunandhana.P.L**</u>
**VII A**



**Axen T.P**
**VI A**

# ഭീകരനായ കൊറോണ

കൊറോണയെന്നൊരുരോഗം ഇവിടെ,
ഭൂമിയിലാകെ വ്യാപിച്ചില്ലെ
സാനിറ്റൈസർ മാസ്കുകൾ പിന്നെ,
കോറന്റൈനും ആയിരുന്നന്ന്
റംബൂട്ടാൻ പോൽ ഉള്ളൊരു രോഗം,
കൊറോണയെന്നു പറഞ്ഞീടുന്നു.
വീടിനുള്ളിൽ വെറുതെയിരുന്നു,
ചെസ്സുകളിച്ചു ബോറടിമാറ്റി,
കൊറോണവന്നൊരുകാലത്തയ്യോ,
സ്കൂളുകൾ പൂട്ടി വീട്ടിലിരുന്നു.
ഓൺലൈൻ ക്ളാസ്സുകൾ എന്നൊരു പേരിൽ,
മൊബൈൽ  ഫോണൊരു രാജാവായി.
ഇക്കാലത്തൊരു വിദ്യഭ്യാസം,
കിട്ടാതെയോ ഉഴറി നടന്നു.
അകറ്റി നമ്മൾ ഭൂമിയിൽ നിന്ന്
കൊറോണയെന്നൊരു മഹാമാരിയെ.


**AMRITA.P.S**
**VIII D**

## പാവപ്പെട്ട കുട്ടിയുടെ വിജയങ്ങൾ

ഒരു ഗ്രാമത്തിലെ ഒരു സാധാരണ കുടുംബത്തിലെ അംഗമാണ് രാധയും അശോകനും അവരുടെ മകളാണ് അമ്മു..അവളെ നല്ല അറിയപ്പെടുന്ന സ്കൂളിൽ വിടണമെന്നാണ് രാധയുടെയും അശോകന്റെയും ആഗ്രഹം. പക്ഷെ നല്ല പൈസവേണ്ടിവരുമെന്ന് അമ്മുവിനറിയാം അതുകൊണ്ട് അമ്മയോടും അച്ഛനോടും പറയുമായിരുന്നു വലിയ സ്കൂളിലൊന്നും ചേർക്കണ്ടെയെന്ന്.പക്ഷെ എന്തായാലും രാധയുടെയും അശോകന്റെയും ആഗ്രഹപ്രകാരം ആ സ്കൂളിൽ തന്നെ ചേർത്തു. പിന്നെ രാവിലെ അശോകനും രാധയും അമ്മുവിനെ സ്കൂളിൽ ചേർത്തു അമ്മു ക്ലാസിലേക്ക് ചെന്നപ്പോൾ അവരെല്ലാം അമ്മുവിനെ പാവപ്പെട്ടകുട്ടി ആയതുകൊണ്ട് കളിയാക്കി.അമ്മുവിനു അപ്പോൾ സങ്കടം വന്നു. അമ്മു കരഞ്ഞു.ക്ലാസ്സ് വിട്ട് വീട്ടിൽ ചെന്നപ്പോൾ അമ്മയോടും അച്ഛനോടും കുട്ടികൾ കളിയാക്കിയ കാര്യംപറഞ്ഞു. അപ്പോൾ അവർ പറഞ്ഞു മോളെ പഠിച്ച് വലുതാകണം മോള് ചെന്ന് കണ്ണുകളടച്ചു കിടന്നുറങ്ങിക്കോ.അമ്മ ഇപ്പോൾ വരാം അങ്ങനെ അവൾ കിടന്നുറങ്ങി.അമ്മു നല്ല രീതിയിൽ പഠിക്കുന്നതുകൊണ്ട് അധ്യാപകർക്ക് ഒത്തിരി ഇഷ്ടമാണ്. അതുകൊണ്ടു തന്നെ പഠിക്കാത്ത കുട്ടികളെയും പഠിപ്പിക്കാൻ അമ്മു സഹായിക്കുമായിരുന്നു.അമ്മു നന്നനായി പഠിക്കുന്നതുകൊണ്ട് സമ്മാനം ഒക്കേ കിട്ടുമായിരിന്നു അതുകൊണ്ട് വീട്ടിൽ ചെല്ലുമ്പോൾ അശോകനും രാധയ്ക്കും വളരെ സന്തോഷം ആകുന്നു. കുറച്ചു വർഷങ്ങൾക്കു ശേഷം.

അമ്മു പഠിച്ച് വലിയ  കുട്ടിയായി. അമ്മു ഒരു നല്ല കുട്ടിയായി.അമ്മു ഒരു നല്ല വീട് വച്ച് അമ്മയേയും അച്ചനെയും പൊന്നു പോലെ നോക്കി. ഇപ്പോൾ വളരെ സന്തോഷത്തിലാണ് അവരുടെ ജീവിതം. ഇതിൽ നിന്ന് നമ്മുക്ക് മനസ്സിലാകുന്നത് നമ്മുടെ സാഹചര്യം അല്ല പ്രയത്നം ആണ് ഏറ്റവും വലുത്.

**By**
**Aneena Anil**
**VIA**



**Giridhar K Nair**
**V A**

# രാക്ഷസന്റെ ഭയാനകമായ കൊട്ടാരം

പണ്ട്...പണ്ട്...ഒരു നാട്ടിൽ ദുഷ്ടനായ ഒരു രാക്ഷസൻ ഉണ്ടായിരുന്നു.രാത്രി 12മണി മുതൽ 3 മണി വരെ രാക്ഷസൻ മിക്കപ്പോഴും വേട്ടയ്ക്ക് ഇറങ്ങിയിരുന്നത്.12 മണി കഴിഞ്ഞാൽ ആരും തന്നെപുറത്തിറങ്ങാറില്ല അങ്ങനെയൊരിക്കെ ഒരു ദിവസം ഒരു പത്തു പതിനഞ്ചു വയസ്സുള്ള ഒരു കുട്ടി രാത്രി പുറത്തിരുന്നു നക്ഷത്രങ്ങളെ കണ്ടുകൊണ്ടു നിൽക്കുമ്പോൾ ഈ സമയത്ത് ആ രാക്ഷസൻ ഈ കുട്ടിയെ പിടിച്ചു കൊണ്ടുപോയി അവന്റെ ശരീരം ഒരു അസ്ഥികൂടമായി മാറ്റി ഇപ്പോൾ രാക്ഷസൻ 32 കുട്ടികളെയാണ് പിടിച്ചുകൊണ്ട് വന്ന് അസ്ഥികൂടങ്ങളാക്കി മാറ്റിയത് .ആ രാക്ഷസനെ എല്ലാവർക്കും ഭയമായിരുന്നു.അതിനേക്കാൾ അതി ഭയാനകമായ ഒരു കൊട്ടാരമുണ്ട് അവിടെ ഒരു ബോർഡ് ഉണ്ട്. കൊട്ടാരത്തിലെ ഒരു മുറിയിൽ കുട്ടികളുടെ ആത്മാക്കളെ തളച്ചിട്ടിട്ടുണ്ട്. ആത്മാക്കളുടെ കണ്ണുകളിൽ രാക്ഷസന്റെ ചോര കറകൾ വീഴണം.എന്നാൽ മാത്രമേ ആത്മാക്കൾക്ക് സൗഖ്യം പ്രാപിക്കുകയുള്ളു ദേവന്മാരുടെ കൂട്ടത്തിൽ നിന്ന് നാലു ദേവന്മാരെ അയച്ചു .രാക്ഷസൻവേട്ടയ്ക്ക് ഇറങ്ങിയ സമയത്ത് ദേവന്മാർ  കൊട്ടാരത്തിൽ രാക്ഷസൻ കാണാതെ കയറിപ്പറ്റി .ആത്മാക്കളുടെ മുറി കണ്ടുപിടിച്ചു.തളച്ച് വച്ച ആത്മാക്കളെ രക്ഷപ്പെടുത്തി. രാക്ഷസനെ തടയാൻ ദേവന്മാർ ചെന്നു .പെട്ടെന്നു ദേവന്മാരും രാക്ഷസനും  അടി ആരംഭിച്ചു.അതിനിടയിൽ ദേവന്മാരെ പാറകൾക്കൊണ്ട്

അക്രമിച്ചപ്പോൾ ദേവന്മാർക്ക് പരിക്കു പറ്റി.രാക്ഷസൻ അവരെ വീണ്ടും ആക്രമിച്ചപ്പോൾ അവർ മരിച്ചു പോയി .അപ്പോൾ ആകാശം അന്തകാരത്തിൽ നിറഞ്ഞ അന്തരീക്ഷം ആ നിമിഷം ഭൂമി കുലുക്കി കൊണ്ട് ദൈവിക ശക്തി ദേവന്മാരുടെ കൂട്ടത്തിൽ നിന്ന് ഒരാൾക്ക് ദൈവിക ശക്തി ലഭിച്ചു.അവൻ രാക്ഷസനെ തടഞ്ഞു .ആത്മാക്കൾ അവിടെ വന്ന് ദേവന് ശക്തി നൽകി.രാക്ഷസനെ വാൾ കൊണ്ട് രാക്ഷസന്റെ ശിരസ്സിൽ കുത്തി.ചോര കറ വാളിൽ നിന്ന് ആത്മാക്കളുടെ കണ്ണിൽ വീണു.ആത്മാക്കൾ രാക്ഷസന്റെ ശരീസത്തിൽ കയറി.രാക്ഷസനെ കൊന്നു കളഞ്ഞു അന്തകാരം മാറി.പുതിയ പുലരി.



**ഷിബി VI B**



**Anjitha Suersh**
**VII A**

# ഞാൻ പിറന്ന മണ്ണ്

എന്റെ മണ്ണിനെ ജീവനതുല്യമായി സ്നേഹിക്കുന്നു എന്ന് ഉറച്ച തീരുമാനം എടുക്കണം.ഗാന്ധിജിയുടെ താങ്ങും തണലുമായ ഈ മണ്ണിനെ സംരക്ഷിക്കേണ്ടത് മനുഷ്യരായ നമ്മുടെ ലക്ഷ്യമാണ്.നമ്മുടെ അടുത്ത തലമുറയ്ക്ക് ഈ മണ്ണ് നൽകുമ്പോൾ  പറയേണ്ട ഒരൊറ്റ വാക്കു മാത്രമാണ്.അത് സ്വാതന്ത്ര്യം എന്നാകണം കാരണം സത്യസന്ധരുടെയും ധീരന്മാരുടെയും ത്യാഗമാണ് ഈ മണ്ണ്.ഈ മണ്ണ് ധീരന്മാരുടെ മണ്ണാണ്.ധീരന്മാർ ജനിച്ചതും മരിച്ചതും ജനങ്ങൾക്ക് വേണ്ടി ചെയ്ത ത്യാഗങ്ങൾ ഒരൊറ്റ മലയാളിപോലും മറന്നിട്ടില്ല. മറന്നു പോവുകയുമില്ല.ഒരു ധീരന്റെ പൂർണ്ണലക്ഷ്യമെന്നത് സ്വന്തം മണ്ണിനെയും രാജ്യത്തെയും സംരക്ഷിക്കുക എന്നതാണ് ഓരോ ധീരന്മാരുടെയും ദൗത്യം . ഉദാഹരണം:പോലീസ് തന്നെയാണ് അതിന് ഒരു സംശയവുമില്ല .കാരണം?പോലീസ് നമ്മുടെ സുരക്ഷയ്ക്കായി കാവലായി നൽകപ്പെട്ടവരാണ്.കഴിഞ്ഞ കോവിഡ് സമയത്ത് രാപകൽ ഡ്യൂട്ടി ചെയ്ത് നമ്മളെ സംരക്ഷിച്ചിട്ടുണ്ട്.ഇതു പോലെ നമ്മളും ആകണം.ഈ മണ്ണിനോട് വിടപറഞ്ഞ ധീരന്മാർക്ക് ആയിരം നന്ദി.നമ്മളും ധീരന്മാരാണ് എന്ന് അടുത്ത തലമുറയ്ക്ക് വെളിപ്പെടുത്തണം.

ജയ് ഹിന്ദ്......

(ഞാൻ പിറന്ന മണ്ണ്)

**JERIN**
VI A

# NECTAR OF HOPE

**The autumn soon bid it’s farewell,
to await in winter nights,
some dusty pollen was stuck
in unreviewed sunsets,
frost will then embrace the grove soon,
from sunrises again in glory to moon,**

**Far away,
pounding sea waves murmuring
some unspoken stories of withered petals,
which might again retrieve with its might,
in utmost pavement of the journey.
Beholding their flourishing days in vision
they became feeble in wails,**

**in sighs of thunder and lightning,
in last echoes of an era
they swayed to and fro,
them foil-age tumbled  into
mist of a vivid night,
by some left for tomorrow.**

When the daylight returned back
someone absorbed the hem and end,
this callow but rather an urge
to clutch some no move memories,
there comes more and more riper found,
they wrap the land in blond,
auburn will gleam then,
without even elucidate the days
they will conjoin deep,

thus in hope
shrivelled trunk kill the time,
standing on winter land,
their flecks hovered round
in mild breeze and it soothes the trees
strikingly,

A new in spring,
trees will then weave
new bud of leave
again they sunshade
like an umbrella for the tired,
and the beginning of a  new
era will be marked.

By: Anna Joy
IX B

# റാണി പൂക്കൾ


പണ്ട്..പണ്ട്..ഒരു രാജകൊട്ടാരത്തിൽ ഒരു സുന്ദരിയായ ഒരു രാജകുമാരി ജനങ്ങൾക്ക് എന്തൊക്കെ കുറവുകൾ ഉണ്ടോ അതെല്ലാം തീർത്തുകൊടുക്കുകയും കുട്ടികൾക്ക് അമ്മയായിട്ടും അനിജത്തിമാർക്കും അനുജൻമ്മാർക്കും ചേട്ടനും ചേച്ചിയായും അനാഥർക്ക് തണലായും ജനങ്ങൾക്ക് സംരക്ഷണമായുമാണ് ആ രാജകുമാരിയ്ക്ക് ജനങ്ങളോടുള്ള ബന്ധം .അവിടുത്തെ രാജകുമാരിയെ ദൈവത്തെപ്പോലെയാണ് ജനങ്ങൾ കണ്ടിരുന്നത്.ഒരു ദിവസം കുമാരിയ്ക്കൊരാശ എനിക്കൊരു പൂന്തോട്ടം വേണം.പൂന്തോട്ടത്തിനൊരു പ്രത്യേകതയുണ്ട്. ദിവസവും ആ ചെടിയ്ക്ക് വെള്ളം നനയ്ക്കാറുണ്ട്.അങ്ങനെ ഒരിക്കൽ നീതിമാന്മാരുടെ മണ്ണിൽ ദുഷ്ടന്മാർ കാലുകുത്തിയ ആ സമയം ആ രാജകുമാരി ഈ കാര്യം അറിഞ്ഞു. പൂന്തോട്ടം നശിപ്പിക്കാൻ വന്നവർ രാജകുമാരിയെ ധിക്കരിച്ച് പൂന്തോട്ടം നിശിപ്പിക്കാൻ പോയപ്പോൾ ഓടിവന്ന് പറഞ്ഞു എന്നെ കൊന്നുകളഞ്ഞോളു  എന്റെ പൂന്തോട്ടം നശിപ്പിക്കരുത്.ഇതെല്ലാം ധിക്കരിച്ച്  ജനങ്ങളുടെ മുമ്പിൽ വച്ച് രാജകുമാരിയെ കൊന്നുകളഞ്ഞു.രാജകുമാരി മരിക്കുന്നതിനു മുമ്പ് ആ പൂന്തോട്ടം ജനങ്ങളുടെ പേരിലെഴുതി ചേർത്തു .അതിന്റെ തെളിവായിട്ടാണ്.റാണിപ്പൂക്കൾ എന്ന് ഈ പൂന്തോട്ടം അറിയപ്പെടുന്നു.


പൂക്കാലം വരവായി.പണ്ട് ജനങ്ങൾ പൂക്കളെ വിളിച്ചിരുന്നത് റാണിപ്പൂക്കൾ എന്നാണ്.അവിടെ റാണി പൂകളെ ഏറെ ഇഷ്ടമായിരുന്നു.മിക്കപ്പോഴും റാണിപ്പൂക്കളെ വിലയിട്ടു പോകാറുണ്ട്.പക്ഷെ ജനങ്ങൾക്ക് അത് ഇഷ്ടപ്പെടാറില്ല .
ഒരുപാട് ആളുകൾക്ക് റാണിപ്പൂക്കൾ വേണമായിരുന്നു.ആ സമയത്ത് ദൂരദേശത്ത് നിന്നു ഒരു മഹാരാജാവ് അവിടെയെത്തി.റാണിപ്പൂക്കളെ വിലയിട്ടുമേടിച്ചു അപ്പോൾ അവിടെ ഉണ്ടായിരുന്ന ജനങ്ങളുടെ വിഷമം മനസ്സിലാക്കിക്കൊണ്ട് രാജാവ് ആ റാണിപ്പൂക്കളെ ജനങ്ങളുടെ പേരിൽ എഴുതി ചേർത്തു ജനങ്ങളുടെ വിഷമം മാറ്റിക്കൊടുത്ത രാജാവിനെ പൂക്കൾകൊണ്ട് മാലയുണ്ടാക്കി രാജാവിനെ  ധരിപ്പിച്ചു .


ഇതിനു മുമ്പുള്ള കഥ എന്താണെന്നറിയണ്ടേ.......കാത്തിരിക്കു

തുടരും.....

ALEN
VI A














OFF ROAD


RONALDO
7
































Directed by:

**Abhinav Viju**

**Adithyan Shagi**

**Yashin E Baiju**

The End